**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5540</u>** **<u>15-03-2023 - ൽ മറുപടിയ്ക്ക്</u>**

**<u>പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ തെക്കേക്കര ഗ്രാമപഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | അർഹത മാനദണ്ഡങ്ങൾക്കും മുൻ ഗണന മാനദണ്ഡങ്ങൾക്കും വിധേയ മായും ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസ രിച്ചും ഈ വർഷം സംസ്ഥാനത്ത് 20 ഗ്രാമ പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചു. എന്നാൽ ലഭിച്ച അപേക്ഷകളിൽ ആദ്യ 20 എണ്ണത്തിൽ എത്താൻ പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്തിനു സാധിച്ചില്ല. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | തുടർ വർഷങ്ങളിൽ അപേക്ഷ സമർപ്പിക്കുന്ന മുറക്ക് , ആവശ്യമായ പരിശോധനകൾക്ക് ശേഷം അർഹത മാനദണ്ഡങ്ങൾക്കും മുൻഗണന മാനദണ്ഡങ്ങൾക്കും വിധേയമായും ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ചും പൂഞ്ഞാർ ഗ്രാമ പഞ്ചായത്തിനെ ക്ഷീരഗ്രാമം പദ്ധതി ഉൾപ്പെടുത്തുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കുന്ന താണ്. ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസ രിച്ച് കൂടുതൽ ഗ്രാമ പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ